(ബി) ഇവിടെ മാവേലി സ്റ്റോർ സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി മാവേലി സ്റ്റോറുകൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്ങാടി, ചെറുകോൽ, റാന്നി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ നിലവിലില്ല.

(ബി) വിപണന സാദ്ധ്യതയുള്ള സ്ഥലത്ത് ഗതാഗത സൗകര്യവും ചുരുങ്ങിയത് 350 ചതുരശ്ര അടി വിസ്തീർണ്ണവും ഉള്ള അനുയോജ്യമായ കെട്ടിടം ലഭ്യമല്ലാത്തതുകൊണ്ടാണ് ഇവിടെ മാവേലി സ്റ്റോറുകൾ സ്ഥാപിക്കാൻ കഴിയാത്തത്.

(സി) അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

ലാഭം മാർക്കറ്റുകളിൽ ഹെൽപ്പർ തസ്തിക

83 [366] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച ലാഭം മാർക്കറ്റുകളിൽ ആവശ്യമായ ഹെൽപ്പർ തസ്തിക അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പി. എസ്. സി. യിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് ലാഭം മാർക്കറ്റുകളിൽ ഹെൽപ്പർ തസ്തിക അനുവദിച്ച് നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലി സ്റ്റോറിലേക്ക് അനുവദിച്ച അതേ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് പുതുതായി തുടങ്ങിയ ലാഭം മാർക്കറ്റുകളിലും നിയമനം നടത്തി വരുന്നത്.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly